# പരിണാമ വാദത്തിൻെറ പതനം

**എം. എം. അക്ബർ**

ശാസ്ത്രത്തിൻെറയും സാങ്കേതിക വിദ്യയുടെയും കുതിച്ചു ചാട്ടങ്ങൾക്ക് ലോകം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. ആഗോള ഗ്രാമത്തിൻെറയും കാർഷിക വിപ്ലവത്തിൻെറയും ഗുണഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവർക്ക് ശാസ്ത്ര ഗവേഷണങ്ങളുടെ മാനവികതയെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ടതില്ല. സാങ്കേതിക ശാസ്ത്രം രൂപം കൊള്ളുന്നത് സൈദ്ധാന്തിക ശാസ്ത്രത്തിൽ നിന്നാണ്. ശാസ്ത്ര സിദ്ധാന്തങ്ങളില്ലെങ്കിൽ കണ്ടുപിടുത്തങ്ങളും സാങ്കേതിക വിദ്യയുമൊന്നുമുണ്ടാകില്ല. അതുകൊണ്ടുതന്നെ ശാസ്ത്രത്തിൻെറ ഗുണഫലങ്ങളനുഭവിക്കുന്നവർ സിദ്ധാന്തങ്ങളോട് തീർച്ചയായും കടപ്പെട്ടിരിക്കുന്നു. ഇത് ശാസ്ത്രജ്ഞനും സാധാരണക്കാരനുമെല്ലാം അറിഞ്ഞോ അറിയാതെയോ അംഗീകരിക്കുന്നതാണ്. ശാസ്ത്രത്തോടും ശാസ്ത്രത്തിൻെറ പേരിൽ പറയപ്പെടുന്ന കാര്യങ്ങളോടുമെല്ലാം നിലനിൽക്കുന്ന ആദരവു തന്നെ ഈ അംഗീകാരത്തിനുള്ള വ്യക്തമായ തെളിവാണ്.

ശാസ്ത്രത്തോടുള്ള ആദരവിനെ തങ്ങളുടെ പ്രത്യയശാസ്ത്രങ്ങളെ പ്രചരിപ്പിക്കാനുള്ള മാർഗമായി ദുരുപയോഗിക്കുന്നവരുണ്ട്. തികച്ചും സ്വാർഥമായ ലക്ഷ്യങ്ങളോടെ ശാസ്ത്രത്തെ സമീപിക്കുന്നവരാണവർ. തങ്ങളുടെ താൽപര്യത്തിനു വേണ്ടി മാനവികമായ എന്തിനെയും അപമാനവീകരിക്കാൻ ശ്രമിച്ച, ചരിത്രത്തിൽ കഴിഞ്ഞുപോയ ചൂഷകന്മാരുടെ പിൻഗാമികളാണവർ. സാഹിത്യത്തെയും കലയെയും മതത്തെയുമെല്ലാം ചൂഷണോപാധിയാക്കിയവരെക്കുറിച്ച് ചരിത്രം ഏറെ പറഞ്ഞുതരുന്നുണ്ടല്ലോ. സ്വാർഥമായ ലക്ഷ്യങ്ങളോടെ ശാസ്ത്രത്തെ സമീപിക്കുന്നവർ അതിനെ  അപമാനവീകരിക്കുകയും ചൂഷണോപാധിയാക്കുകയുമാണ് ചെയ്യുന്നത്. ശാസ്ത്രത്തെ തങ്ങളുടെ സ്വാർഥമായ ലക്ഷ്യങ്ങക്കു വേണ്ടി ഉപയോഗിച്ചവർ പ്രധാനമാ യും ഭൗതികവാദികളാണ്. ദൈവനിഷേധത്തിന് സൈദ്ധാന്തികമായ അടിത്തറയുണ്ടാക്കാൻ ശാസ്ത്രത്തെ ഉപയോഗിക്കുവാനാണ് അവർ ശ്രമിച്ചത്. ശാസ്ത്രീയമായ ഗവേഷണങ്ങളെല്ലാം ദൈവാസ്തിത്വത്തിന് തെളിവു നൽകുകയാണെന്ന യാഥാർഥ്യം മറച്ചുവെക്കുകയും അസത്യജഢിലമായ വാദങ്ങൾക്ക് ശാസ്ത്രത്തിൻെറ മുഖംമൂടിയണിയിക്കുകയും ചെയ്തുകൊണ്ടാണ് ഇവർ ദൈവനിഷേധത്തെ ശാസ്ത്രവൽകരിക്കാൻ ശ്രമിക്കുന്നത്. ശാസ്ത്രത്തിൻെറ മുഖംമൂടിയണിയിക്കപ്പെട്ട ഒരു അബദ്ധ സിദ്ധാന്തം മാത്രമാണ് പരിണാമവാദമെന്ന വസ്തുത സമർഥമായി മൂടിവെക്കുകയാണ് ദൈവനിഷേധികൾ ചെയ്യുന്നത്. അങ്ങനെ പരിണാമവാദമുപയോഗിച്ച് ശാസ്ത്രത്തിൻെറ ലേബലിൽ തങ്ങളുടെ പ്രത്യയശാസ്ത്ര പ്രചരണം നടത്തുവാൻ ദൈവനിഷേധികൾക്ക് കഴിയുന്നു.

ജീവശാസ്ത്ര ലോകത്ത് ഇന്നുവരെ അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത ഒരു കേവല സിദ്ധാന്തം മാത്രമാണ് പരിണാമവാദം. ശാസ്ത്രത്തിന്റെ മാർഗങ്ങളുപയോഗിച്ചു കൊണ്ട് ഒരിക്കലും തെളിയിക്കുവാനാവാത്ത സിദ്ധാന്തം. എന്തുകൊണ്ട് പരിണാമവാദം സ്വീകരിക്കപ്പെടുന്നുവെന്ന ചോദ്യത്തിന് പരിണാമവാദിയായ സർ ആർതർ കീത്ത് നൽകിയ മറുപടി ശ്രദ്ധേയമാണ്: 'ജീവപരിണാമം തെളിയിക്കപ്പെട്ടതല്ല; അത് ശാസ്ത്രീയമായി തെളിയിക്കുവാനും സാധ്യമല്ല. എങ്കിലും ഞങ്ങൾ അതിൽ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ അതിൽ വിശ്വസിച്ചില്ലെങ്കിൽ ദൈവം സൃഷ്ടി നടത്തിയെന്ന് അംഗീകരിക്കേണ്ടതായി വരും. അത് ഞങ്ങൾക്ക് ചിന്തിക്കുവാൻ പോലും കഴിയില്ല'.

ശാസ്ത്രലോകത്ത് ഏറ്റവുമധികം വഞ്ചന നടന്നിട്ടുള്ളത് പരിണാമവാദം 'തെളിയിക്കുന്ന'തിനായാണ്. എത്രയെത്ര ഫോസിലുകൾ കൃത്രിമമായി നിർമിക്കപ്പെട്ടു! എത്രയെത്ര കള്ളക്കഥകൾ പ്രചരിക്കപ്പെട്ടു! പിൽട്ഡൗൺ മനുഷ്യനും നെബ്രാസ്കാ മനുഷ്യനും നിയാന്തർതാൽ മനുഷ്യനുമെല്ലാം പരിണാമവാദികളുടെ സങ്കൽപ സൃഷ്ടകളാണെന്ന വസ്തുതയറിയാതെ ഇന്നും പഠിപ്പിക്കുന്ന പാവം ശാസ്ത്ര പൂജകരോട് പരിതപിക്കുകയല്ലാതെ എന്താണ് ചെയ്യുക. എന്നോ മണ്ണടിഞ്ഞു പോയ ആർക്കിയേപ്ടെറിക്സ് എന്ന 'പൂർണപ

ക്ഷി'യെ 'മദ്യവർഗ'മാക്കുന്ന പുസ്തകങ്ങളാണ് ഇന്നും നാം പഠിപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന വസ്തുത എന്തു മാത്രം ജുഗുപ്സാവഹമല്ല! ഇതേ പോലെത്തന്നെയാണ് നമ്മുടെ ശാസ്ത്ര പാഠപുസ്തകങ്ങളെല്ലാം പരിണാമത്തിനുള്ള തെളിവായുദ്ധരിക്കുന്ന ഭ്രൂണ സാദൃശ്യവുമെന്നുള്ളതാണ് വസ്തുത. ഇന്ന് പരിണാമവാദികളായ ശാസ്ത്രജ്ഞർ പോലും അംഗീകരിച്ചിട്ടു കഴിഞ്ഞിട്ടുള്ള ഈ വാസ്തവം കേരളത്തിന്റെ ശാസ്ത്രകാരന്മാരൊന്നും ഇന്നും അറിഞ്ഞിട്ടില്ല. നമ്മുടെ പാഠപുസ്തകങ്ങളെല്ലാം ഇന്നും സചിത്രം പഠിപ്പിക്കുന്നത് ഈ ചവറാണെന്നറിയുമ്പോൾ നമ്മുടെ മക്കൾ പഠിച്ചുയരുമ്പോഴുണ്ടാകുന്ന ശാസ്ത്രബോധം എന്തുമാത്രം മഹത്തരമായിരിക്കുന്നുമെന്ന് ബോധ്യമാകും.

പരിണാമവാദത്തിന്റെ പല്ലുകൾ കൊഴിഞ്ഞുകൊണ്ടിരിക്കുന്നത് കാണുമ്പോൾ നാം അറിയേണ്ട ഒരു യാഥാർഥ്യമുണ്ട്. സ്രഷ്ടാവായ തമ്പുരാനെ നിഷേധിക്കുവാൻ വേണ്ടി ഏറ്റവും 'ശാസ്ത്രീയ'മായി തയാർ ചെയ്യപ്പെട്ട പരിണാമവാദത്തിനും ഏതാനം പതിറ്റാണ്ടുകൾക്കിപ്പുറം നിലനിൽക്കാനാവുകയില്ല എന്ന വസ്തുത നൽകുന്ന അറിവിനോട് സൃഷ്ടിപരമായി പ്രതികരിക്കുവാൻ നമുക്കാവണം. എത്രയെത്ര വഞ്ചനകളും കള്ളത്തരങ്ങളും ചെയ്താണ് പരിണാമവാദത്തെ ശാസ്ത്രീയമാക്കാൻ പരിശ്രമങ്ങൾ നടന്നത്! എത്ര പരിശ്രമിച്ചിട്ടും ലോക പൗരോഹിത്യമായ വത്തിക്കാനിന്റെ ഭാഗികമായ അംഗീകാരം കൂടി ലഭിച്ചിട്ടും പരിണാമവാദത്തെ ശാസ്ത്രീയവൽകരിച്ച് ദൈവനിഷേധത്തെ അംഗീകരിപ്പിക്കുവാനുള്ള ശ്രമങ്ങൾ പാളിപ്പോയത് നൽകുന്ന പാഠമെന്താണ്? ദിവ്യപ്രകാശത്തെ ഊതിക്കെടുത്തുവാൻ എത്ര പരിശ്രമിച്ചിട്ടും കാര്യമില്ലെന്ന പാഠം! ഈ പാഠം പ്രബോധകർക്ക് നൽകേണ്ടത് വർധമാനമായ ഊർജമാണ്; ആദർശ പ്രബോധത്തിനായുള്ള ഊർജം. അല്ലാഹു അനുഗ്രഹിക്കട്ടെ- ആമീൻ.